ICPS4(B)/20236/15

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി:26/06/2015

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ്-ICPS–CWC/JJB അംഗങ്ങളുടെ സിറ്റിംഗ് ഫീസ് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:- (1) ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS4/31782/14 തീയതി 16/02/2015.

(2) ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS4/20236/15 തീയതി 16/02/2015.

(3) ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS4(B)/20237/15 തീയതി 26/06/2015.

മേൽ സൂചനയിലേക്ക് ശ്രദ്ധിച്ചാലും, സൂചന പ്രകാരം സംസ്ഥാനത്തെ എല്ലാ CWC അംഗങ്ങൾ JJB അംഗങ്ങൾ എന്നിവർ സിറ്റിംഗ് ഫീസ് ക്ലെയിം ചെയ്യുന്നതിനെക്കുറിച്ച് വിശദ വിവരങ്ങൾ നൽകിയിരുന്നു. ടി സർക്കുലർ പ്രകാരം മേൽ പറഞ്ഞ അംഗങ്ങൾ ഫോം നമ്പർ 1 പൂരിപ്പിച്ച് സൂപ്രണ്ടിനെ ഏൽപ്പിക്കുകയും സൂപ്രണ്ട് ഫോം നമ്പർ 2 തയ്യാറാക്കി അലോട്ട്മെന്റിനു വേണ്ടി SCPS-ലേക്ക് പ്രൊപ്പോസൽ നൽകി വരുന്നു.

എന്നാൽ ഇനി മുതൽ സൂപ്രണ്ടുമാർ ഫോം നമ്പർ 2 തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്. ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഫോം നമ്പർ 2 പാസ്സാക്കേണ്ടതും തുക അനുവദിക്കേണ്ടതുമാണ്. ഇതിന് ആവശ്യമായ തുക മേൽ പരാമർശം 2, 3 പ്രകാരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്.

CWC/JJB സിറ്റിംഗ് ഫീസുമായി ബന്ധപ്പെട്ട രേഖകൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കുവാൻ ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

മെമ്പർ സെക്രട്ടറി SCPS &
സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്

1.എല്ലാ ജെ ജെ സ്ഥാപന സൂപ്രണ്ടുമാർക്കും

2.പ്രോഗ്രാം മാനേജർ ICPS

3.സ്റ്റോക്ക് ഫയൽ